# ഫാമിലി കോൺഫറൻസ്    ടീം വാഷിംഗ്ടൺ ഡി സി ഏരിയായിലെ  ഇടവകകൾ സന്ദർശിച്ചു

വാഷിംഗ്ടൺ  ഡിസി: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/ യൂത്ത്  കോൺഫറൻസ്  പ്രതിനിധികൾ  വാഷിംഗ്ടൺ, മേരിലാൻഡ്, വിർജീനിയ ഏരിയാകളിലെ അഞ്ച് ഇടവകകൾ സന്ദർശിച്ചു.

സെക്രട്ടറി ജോബി ജോൺ, ട്രഷറർ മാത്യു വർഗീസ്, ഫിനാൻസ് ചെയർ തോമസ് വർഗീസ്, ഭദ്രാസന കൗൺസിൽ അംഗം സജി പോത്തൻ എന്നിവരുടെ നേതൃത്വത്തിലാണ് ഇടവകകൾ സന്ദർശിച്ചത്. ഇടവകകൾ നൽകിയ സ്വീകരണത്തിനും സഹായങ്ങൾക്കും കോൺഫറൻസ്  കോഓർഡിനേറ്റർ ഫാ. സണ്ണി ജോസഫ് നന്ദി അറിയിച്ചു.

ജൂലൈ 17 മുതൽ 20 വരെ പെൻസിൽവനിയായിലെ കലഹാരി റിസോർട്ട് ആൻഡ് കൺവൻഷൻ സെന്ററിൽ വച്ചാണ് കോൺഫറൻസ് നടക്കുക. രജിസ്ട്രേഷൻ ഇപ്പോഴും തുടരുന്നുവെന്ന് കമ്മിറ്റി അറിയിച്ചു. Registration: www.fyconf.org

റിപ്പോർട്ട് : രാജൻ വാഴപ്പള്ളിൽ